I ഇ.ബി. XIV - കേരള നിയമസഭ /VII-7

# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

### അനധികൃത കയ്യേറ്റം

മി. സ്പീക്കർ: സംസ്ഥാനത്തെ ഒരു മന്ത്രിയും ഭരണകക്ഷിയിലെ ഒരു എം.എൽ.എ.യുമടക്കം ഭരണനേതൃത്വത്തിലെ ഉന്നതർ തങ്ങളുടെ പദവിയും അധികാരവും ഉപയോഗിച്ച് സ്വന്തം ബിസിനസ് താല്പര്യങ്ങൾക്കായി

പൊതുപണം ദുരുപയോഗം ചെയ്തും, കായൽ കയ്യേറിയും, നെൽവയൽ തണ്ണീർത്തട നിയമം ലംഘിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെയും, ഫയർഫോഴ്സ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയെ നോക്കുകുത്തിയാക്കിയും, നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയും, അധികാരസ്ഥാനങ്ങളിൽ തുടർന്ന് തെളിവുകൾ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയില്ലാതെയാണ് നാച്വറൽ പാർക്ക് നിർമ്മിച്ചതെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കക്കാടംപൊയിലുള്ള നാച്വറൽ പാർക്കിന് 1965-ലെ പി.പി.ആർ. ചട്ടപ്രകാരമുള്ള ലൈസൻസും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും തുടർ ചട്ടങ്ങളുമനുസരിച്ചാണ് അനുമതി നൽകിയത്. ആലപ്പുഴയിലെ ലേക്ക് പാലസ് റിസോർട്ട് 15 വർഷം മുൻപ് നിർമ്മിച്ചതാണ്. നിലവിൽ ഉന്നയിച്ചിരിക്കുന്ന ആരോപണം രാഷ്ട്രീയപ്രേരിതമാണ്. നാല് ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തിയാക്കിയ വലിയകുളം സീറോ ജെട്ടി റോഡിന്റെ നിലവാരം മെച്ചപ്പെടുത്താൻ 28.5 ലക്ഷം രൂപ മത്സ്യബന്ധന തുറമുഖ

വകുപ്പുമുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. പോള അടിയാതിരിക്കാനായി റിസോർട്ട് അധികൃതർ നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ ചട്ടവിരുദ്ധമാണെന്ന് കണ്ടതിനാൽ അത് ഒഴിവാക്കാൻ ആവശ്യപ്പെടുകയും മത്സ്യബന്ധനത്തിനോ കായൽ യാത്രയ്ക്കോ തടസ്സം സൃഷ്ടിക്കരുതെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് വിരുദ്ധമായ നിർമ്മാണപ്രവർത്തനങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ടി. ബൽറാം: ഒരു മന്ത്രി സ്വന്തം ബിസിനസ് താൽപ്പര്യത്തിനുവേണ്ടി പൊതുഖജനാവ് കൊള്ളയടിക്കുകയും കുട്ടനാട്ടിലെ അദ്ദേഹത്തിന്റെ ലേക്ക് പാലസ് റിസോർട്ടിലേയ്ക്ക് റോഡുണ്ടാക്കുകയും ചെയ്തിരിക്കുകയാണ്. ദേശീയ ജലപാതയ്ക്കായി ഡ്രെഡ്ജിംഗ് നടത്തിയ മണ്ണ് നിക്ഷേപിക്കാൻ സമ്മതപത്രം നൽകിയവർക്ക് കൊടുക്കാതെ ഒരു സ്വകാര്യ വ്യക്തിയുടെ പാടത്ത് നിക്ഷേപിക്കുകയും ആ മണ്ണ് നീക്കം ചെയ്യുന്നതിനായി 36 ലക്ഷം രൂപ വാല്യുവേഷനിടുകയും ചെയ്തിരിക്കുകയാണ്. ഇങ്ങനെയുള്ള ക്രമക്കേടുകളിലൂടെ അദ്ദേഹം അധികാരം ദുർവിനിയോഗം ചെയ്തുകൊണ്ടിരിക്കുന്നു. ഭരണകക്ഷി എം.എൽ.എ.-യുടെ ഉടമസ്ഥതയിലുള്ള കക്കാടംപൊയിൽ പ്രദേശത്തെ നാച്വറൽ പാർക്കിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭിച്ചിട്ടില്ല. കോടതി നിർദ്ദേശപ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ് അവിടെ പരിശോധന നടത്തി

15 ദിവസത്തിനകം മാലിന്യ പ്ലാന്റ് നിർമ്മിക്കാൻ നിർദ്ദേശിച്ചെങ്കിലും പ്ലാന്റ് നിർമ്മിക്കാത്തതിനാൽ കൺസെന്റ് വിത്ഡ്രാവൽ നോട്ടീസായിരിക്കുകയാണ്. എല്ലാ നിയമങ്ങളും ലംഘിച്ച് സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഭരണകക്ഷി അംഗങ്ങളെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയും ഈ പ്രശ്നങ്ങളിൽ സമഗ്ര അന്വേഷണം നടത്തുകയും ചെയ്യണം. ഇത്തരം ആളുകൾ അധികാരത്തിലിരുന്നാൽ തെളിവ് നശിപ്പിക്കാൻ ഇടയാകുമെന്നതിനാൽ അധികാര സ്ഥാനം ഒഴിയണമെന്ന് ആവശ്യപ്പെടുന്നു. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിലുള്ള സംഘം ജില്ലാ കളക്ടറുടെയോ ആർ.ഡി.ഒ-യുടെയോ വില്ലേജ് ഓഫീസറുടെയോ സാന്നിധ്യത്തിൽ പ്രസ്തുത സ്ഥലം സന്ദർശിക്കണം. ഒരു സെന്റ് ഭൂമി കയ്യേറിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ മന്ത്രി സ്ഥാനവും എം.എൽ.എ. സ്ഥാനവും രാജിവയ്ക്കാൻ തയ്യാറാണ്. നിയമപരമല്ലാതെ അവിടെ ഒന്നും ചെയ്തിട്ടില്ല. ഓരോ വർഷവും നഷ്ടത്തിലാണ് ആ സ്ഥാപനം പ്രവർത്തിക്കുന്നതെങ്കിലും അവിടെ ജോലി ചെയ്യുന്നവർക്ക് കൃത്യമായി ശമ്പളവും ബോണസും കൊടുക്കുന്നുണ്ട്. റോഡ് നിർമ്മാണത്തിനായി രണ്ട് എം.പി.മാരുടെ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് പാടശേഖര കൃഷിക്കാരുടെ സഹകരണത്തോടെ ലോറി സഞ്ചരിക്കുന്ന

അവസ്ഥയിലേയ്ക്ക് റോഡിനെ മാറ്റിയെടുത്തു. റോഡിന്റെ പണി പൂർത്തിയാക്കുന്നതിനായി 2015-ൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പണം അനുവദിക്കുകയും നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയുമാണ്. സർക്കാരിന്റെ അനുമതിയോടെ റിസോർട്ട് നടത്തുന്നതിനെയാണ് കായൽ കയ്യേറ്റമായി ചിത്രീകരിച്ചിരിക്കുന്നത്. പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലം സന്ദർശിച്ച് നിജസ്ഥിതി മനസ്സിലാക്കണം.

ശ്രീ. പി. വി. അൻവർ : കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കക്കാടംപൊയിൽ പാർക്ക് ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും രണ്ടര വർഷത്തെ ശ്രമഫലമായാണ് ലൈസൻസ് നേടിയെടുത്തത്. വ്യക്തിപരമായ സ്വാധീനം ഉപയോഗിച്ചല്ല പാർക്ക് സ്ഥാപിച്ചിരിക്കുന്നത്. വ്യക്തി വൈരാഗ്യംമൂലമാണ് ഈ ആരോപണം ഉന്നയിച്ചിരിക്കുന്നത്. നാട്ടിലെ ജനങ്ങൾക്ക് എതിർപ്പുണ്ടെങ്കിൽ പാർക്ക് അടച്ചുപൂട്ടാൻ തയ്യാറാണ്. പ്രതിപക്ഷ നേതാവ് ഇക്കാര്യം ഗൗരവമായി അന്വേഷിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആരോപണ വിധേയരുടെ വിശദീകരണത്തിലൂടെ യാതൊരുവിധ അധികാരദുർവിനിയോഗവും നടന്നിട്ടില്ലെന്ന് വ്യക്തമായിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ പുന്നമടക്കായലിന്റെ സമീപത്ത് പ്രവർത്തിക്കുന്ന റിസോർട്ടുമായി ബന്ധപ്പെട്ട് നിയമവിരുദ്ധ പ്രവർത്തനങ്ങൾ

നടന്നിട്ടില്ല. പൊതുമുതൽ ദുരുപയോഗം ചെയ്തുവെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. പാവപ്പെട്ട ജനവിഭാഗങ്ങൾക്കൊപ്പം നിൽക്കുന്ന സർക്കാർ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകുകയില്ല. നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. സർക്കാരോ സർക്കാർ ഏജൻസികളോ നിയമലംഘനം നടത്തിയതായി തെളിയിക്കാൻ സാധിച്ചിട്ടില്ല. രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങളാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, ശ്രീ. അനൂപ് ജേക്കബ്, ഡോ. എം.കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) ഷോപ്പിംഗ് മാളുകളുടെ പ്രവർത്തനം

ശ്രീമതി ഇ. എസ്. ബിജിമോൾ: സംസ്ഥാനത്തെ ഷോപ്പിംഗ് മാളുകളുടെ

പ്രവർത്തനം ഉപഭോക്തൃ സൗഹൃദവും നിയമാനുസൃതവുമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി ജീവനക്കാർക്ക് സുരക്ഷയൊരുക്കുകയും പരസ്യങ്ങളിലൂടെ മോഹനവാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കുകയും വേണം. പാർക്കിംഗ് സംവിധാനങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിനും മാളുകളിലെ എ.സി. സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് പരിശോധന നടത്തുന്നതിനും മനുഷ്യാവകാശലംഘനങ്ങളൊഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 1996- ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഉറപ്പാക്കുകയും ചെയ്തതിനുശേഷമാണ് ഷോപ്പിംഗ് മാളുകൾക്ക് പെർമിറ്റും ലൈസൻസും അനുവദിക്കുന്നത്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഉപഭോക്താവിനും സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്കും മനുഷ്യാവകാശലംഘനങ്ങളോ പരാതികളോ ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനിയന്ത്രിതമായ ഓഫറുകളിലൂടെ ജനങ്ങളെ കബളിപ്പിക്കുന്നതായി പരാതി ലഭിച്ചാൽ ഉപഭോക്തൃ നിയമമനുസരിച്ച് നടപടിയെടുക്കുന്നതാണ്. മാളുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലും പരിസരങ്ങളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുകയും സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുകയും ഉപഭോക്താവിന് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഷോപ്പിംഗ് മാളുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസുകൾ നിർബന്ധമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഇവയുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ടോൾഫ്രീ നമ്പരും ഏർപ്പെടുത്തിയിട്ടുണ്ട്. എ.സി. യുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തുന്നതിന് പ്രത്യേക സംവിധാനമേർപ്പെടുത്തുന്നതാണ്.

## (2) അതിരപ്പിള്ളി പദ്ധതി

ശ്രീ. പി. ടി. തോമസ്: അതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിരുന്നെങ്കിലും പദ്ധതി നടപ്പാക്കുന്നതിന് മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ അനുമതിയും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ടെക്നോ എക്കണോമിക് ക്ലിയറൻസും ലഭ്യമാകേണ്ടതുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ഊരുകൂട്ടം ഗ്രാമസഭയുടെ

അനുമതി വാങ്ങണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. സമവായത്തോടുകൂടി മാത്രമേ അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്ന മുഖ്യമന്ത്രിയുടെയും വൈദ്യുതി വകുപ്പുമന്ത്രിയുടെയും ഉറപ്പ് ലംഘിക്കപ്പെട്ടിരിക്കുകയാണ്. പദ്ധതി നടപ്പിലാക്കിയാൽ അത്യപൂർവ്വമായ സസ്യ-ജന്തുജാലങ്ങൾ നശിക്കുകയും അവിടത്തെ ആവാസ വ്യവസ്ഥ തകരുകയും 340 ഏക്കറോളം വനഭൂമി വെള്ളത്തിനടിയിലാകുകയും ചെയ്യുന്ന സാഹചര്യത്തിൽ അതിരപ്പിള്ളി പദ്ധതി നടപ്പാക്കുന്നതിൽ നിന്നും ഗവൺമെന്റ് പിന്തിരിയണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 1989-ൽ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ച അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി- വനം വകുപ്പുകളിൽ നിന്നും ലഭിച്ച അനുമതി റദ്ദാക്കിയെങ്കിലും ഹൈക്കോടതി വിധിപ്രകാരം 2005-ൽ വീണ്ടും അനുമതി ലഭിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ചുമതലപ്പെടുത്തിയ ഗാഡ്ഗിൽ കമ്മിറ്റി പദ്ധതി നടപ്പാക്കരുതെന്ന് ശിപാർശ ചെയ്തെങ്കിലും ജലലഭ്യത ഉറപ്പുവരുത്തിയാൽ പദ്ധതിക്ക് അനുമതി നൽകാമെന്ന് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നൽകുകയുമുണ്ടായി. 163 മെഗാവാട്ട് ശേഷിയുള്ള ഈ പദ്ധതിയിൽ നിന്നും ജലലഭ്യത അനുസരിച്ച് പ്രതിവർഷം 350 മില്യൺ യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ്

പ്രതീക്ഷിക്കുന്നത്. നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതിയുടെ ഡാം മുതൽ പവർഹൗസ് വരെയുള്ള ഭാഗത്തെ നീരൊഴുക്ക് തടസ്സപ്പെടാതെയും അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ മനോഹാരിത നിലനിർത്തിക്കൊണ്ടും പദ്ധതി പ്രദേശത്തിന് മുകളിലായി താമസിക്കുന്ന ആദിവാസികളുടെ പുനരധിവാസം കണക്കിലെടുത്തുമാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി സംബന്ധിച്ച് പരിസ്ഥിതി സംഘടനകൾക്കും ചില രാഷ്ട്രീയ പാർട്ടികൾക്കുമുള്ള അഭിപ്രായങ്ങൾ പരിശോധിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ പൊതുതാല്പര്യംകൂടി സംരക്ഷിച്ചുകൊണ്ട് സമവായം ഉണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

## III സബ്മിഷൻ

### (1) <u>ചട്ടവിരുദ്ധമായ പതാക ഉയർത്തൽ</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ജില്ലാ ഭരണകൂടത്തിന്റെ വിലക്ക് മറികടന്ന് പാലക്കാട് കണ്ണകി അമ്മൻ ഹയർ സെക്കണ്ടറി സ്കൂളിൽ ആർ.എസ്.എസ്. അഖിലേന്ത്യാ അദ്ധ്യക്ഷൻ സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തിയതിനും ഫ്ലാഗ് കോഡ് ലംഘിച്ചതിനുമെതിരെ കേസ്സെടുക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സ്വാതന്ത്ര്യ

ദിനാഘോഷത്തോടനുബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇറക്കിയ സർക്കുലറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് പാലക്കാട് കണ്ണകി അമ്മൻ ഹയർ സെക്കണ്ടറി സ്കൂളിൽ പതാക ഉയർത്തൽ ചടങ്ങ് നടന്നത്. സ്കൂൾ കോമ്പൗണ്ടിൽ രണ്ടു തരത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടന്നതായും റിപ്പോർട്ടുണ്ട്. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) <u>മഞ്ചേരി ഫയർസ്റ്റേഷൻ</u>

<u>ശ്രീ. എം. ഉമ്മർ</u>: മഞ്ചേരി ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ക്വിക് റെസ്പോൺസ് വെഹിക്കിൾ അടിയന്തരമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: മഞ്ചേരി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരികയാണ്. പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതിയും ഫണ്ടും നൽകുന്നതാണ്. മഞ്ചേരി ഫയർ സ്റ്റേഷന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(3) <u>കുടികിടപ്പുകാർക്ക് പട്ടയം</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: കിഴക്കഞ്ചേരി 2, മംഗലം ഡാം വില്ലേജുകളിലെ കുടികിടപ്പുകാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പൂർത്തിയാക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ)</u>: ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി 2 വില്ലേജിൽ യൂട്ടിലിറ്റി കമ്പനിയിൽ നിന്ന് ഏറ്റെടുത്ത മിച്ചഭൂമിയിൽ പട്ടയത്തിനായി അപേക്ഷിച്ചവരിൽ നിയമാനുസൃത കൈവശക്കാരായ 86 പേർക്ക് പട്ടയം നൽകുകയും 151 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരെ സംബന്ധിച്ച് ആക്ഷേപമുയർന്ന സാഹചര്യത്തിൽ പതിച്ചുകൊടുക്കൽ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. സംയുക്ത സർവ്വേ കാലതാമസമില്ലാതെ പൂർത്തീകരിക്കുന്നതിനും അർഹരായവർക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(4) <u>താൽക്കാലിക ചിറകളുടെ നിർമ്മാണവും കോലുമാട് പദ്ധതി നടപ്പാക്കലും</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളുടെ സംരക്ഷണത്തിന് സമയബന്ധിതമായി താൽക്കാലിക ചിറകൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ശാശ്വതപരിഹാരമെന്ന നിലയിൽ കോലുമാട് പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തൃശ്ശൂരിലെ കോൾനിലങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് മൺചിറകൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക തുക അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2017-18-ലെ കർമ്മപദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കോലുമാട് ഭാഗത്ത് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## (5) ജപ്പാൻ കുടിവെള്ള പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി: കോഴിക്കോട് കോർപ്പറേഷനിലെയും സമീപ പഞ്ചായത്തുകളിലെയും രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനും ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വിതരണശൃംഖല പൂർത്തിയാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടാംഘട്ട വിതരണ ശൃംഖലയുടെ പണി നടത്തുന്നതോടൊപ്പം വീടുകളിൽ സർവ്വീസ് പൈപ്പ് ലൈനും

സ്ഥാപിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അവലോകനയോഗം ഇന്ന് ചേരുന്നതാണ്.

## (6) ജോയിന്റ് ആർ.ടി. ഓഫീസ്

ശ്രീ. സണ്ണി ജോസഫ്: ഇരിട്ടിയിൽ ജോയിന്റ് ആർ.ടി. ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): താലൂക്ക് ആസ്ഥാനത്ത് സബ് ആർ.ടി. ഓഫീസുകളില്ലാത്തതും വാഹന ബാഹുല്യം നിമിത്തമുള്ള ജോലിഭാരവും കണക്കിലെടുത്താണ് പുതിയ സബ് ആർ.ടി.ഓഫീസുകൾ ആരംഭിക്കുന്നത്. കണ്ണൂർ ജില്ലയിലെ ഇരിട്ടി ഉൾപ്പെടെ പുതുതായി രൂപീകരിക്കപ്പെട്ട 11 താലൂക്ക് ആസ്ഥാനങ്ങളിൽ ജോയിന്റ് ആർ.ടി.ഒ.യുടെ കീഴിലുള്ള സബ് ആർ.ടി. ഓഫീസുകൾ സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിച്ചുവരികയാണ്.

## (7) കെ. എസ്. ആർ.ടി.സി. ഡിപ്പോ വികസനം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ കെ.എസ്. ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പെരുമ്പാവൂർ ഡിപ്പോയിലെ ഓർഡിനറി ബസുകളുടെ കുറവ് പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക്

പരിഹരിക്കുന്നതാണ്. പരിഷ്കരിച്ച ഷെഡ്യൂൾ പ്രകാരമുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതാണ്. ചുറ്റുമതിൽ നിർമ്മിക്കുന്നതിനും പാർക്കിംഗ് ഏരിയ കോൺക്രീറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കും. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ ഓഫീസിന്റെയും സ്റ്റോർ മുറിയുടെയും അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാന്റീനിൽനിന്നുള്ള മലിനജലം സംസ്കരിക്കുന്നതിനുള്ള സോക്ക്പിറ്റ് നിർമ്മിക്കുന്നതിനും മെക്കാനിക്കൽ വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധിമൂലം അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസ് ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയമാക്കി ഉയർത്തുന്ന കാര്യം പരിഗണനയിലില്ല.

(8) ക്വാറികളുടെ പ്രവർത്തനം

ശ്രീ. എം. നൗഷാദ്: പാരിസ്ഥിതികാനുമതി ലഭിക്കാത്തതുമൂലം കൊല്ലം ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം നിലച്ചിരിക്കുന്നതിനാൽ നിർമ്മാണ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനമനുസരിച്ചും സുപ്രീം കോടതി ഉത്തരവുപ്രകാരവും എല്ലാത്തരം ചെറുകിട ധാതുക്കളും ഖനനം ചെയ്യുന്നതിന്

പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. അഞ്ച് ഹെക്ടറിനു മുകളിലുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ലെവൽ അതോറിറ്റിയും അഞ്ച് ഹെക്ടറിൽ താഴെയുള്ളതിന് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റികളും പ്രവർത്തിച്ചുവരുന്നു. പാരിസ്ഥിതികാനുമതിക്കായി ലഭിച്ച അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിനും നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല അതോറിറ്റികളിൽ വേണ്ടത്ര ജീവനക്കാരെ നിയോഗിക്കുകയും മൈൻ പ്ലാൻ തയ്യാറാക്കുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## (9) കൃഷിനാശം

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് മണ്ഡലത്തിലെ കുറുക്കൻകുണ്ട്, ചോലക്കാട് മേഖലകളിലെ കൃഷി വനം വകുപ്പുദ്യോഗസ്ഥർ നശിപ്പിച്ചതിന് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും അവർക്കെതിരെയുള്ള കള്ളക്കേസുകൾ പിൻവലിക്കുന്നതിനും കൃഷി ചെയ്ത് ജീവിക്കാനുള്ള സാഹചര്യമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

മണ്ണാർക്കാട് വനം ഡിവിഷനിൽ അഗളി റേഞ്ചിന്റെ പരിധിയിലുള്ള കുറുക്കൻകുണ്ട് ഭാഗത്തെ വനം കയ്യേറി കൃഷി ചെയ്തവർക്കെതിരെ അഗളി റേഞ്ച് ഓഫീസിലും പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്തതിനെതിരെ അഗളി പോലീസ് സ്റ്റേഷനിലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കയ്യേറ്റമുണ്ടെന്ന് കണ്ടെത്തിയ കുറുക്കൻകുണ്ട് ഭാഗത്തെ കർഷകരുടെ കൈവശ രേഖകൾ പരിശോധിച്ച് സാധൂകരിക്കുന്നതിനും നിയമവിരുദ്ധമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) <u>സെക്ഷൻ ഓഫീസ് വിഭജനം</u>

<u>ശ്രീ. യു. ആർ. പ്രദീപ്</u>: ചേലക്കര കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): തൃശ്ശൂർ ജില്ലയിലെ ചേലക്കര സെക്ഷൻ ഓഫീസ് വിഭജിച്ച് എളനാട് കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം സംസ്ഥാന വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്. വിതരണ മേഖലയിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതും പുന:ക്രമീകരണം നടത്തുന്നതും സംബന്ധിച്ച് ബോർഡുതലത്തിൽ ആലോചിക്കുന്നതാണ്. സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷനുകൾ ആരംഭിക്കുക എന്നത്

പ്രായോഗികമല്ല. ചേലക്കര പ്രദേശത്തെ ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയെ സംബന്ധിച്ച റിപ്പോർട്ട്

(3) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും

(4) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(5) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കർഷക ദിനം പ്രമാണിച്ച്, കാർഷിക മേഖലയിൽ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## V നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് ഗൗരവമായ ചർച്ച സഭയിൽ നടക്കാത്തത് ഖേദകരമാണ്. പാർലമെന്റ് പാസ്സാക്കിയ നിയമം നിരവധി സംസ്ഥാനങ്ങൾ അംഗീകരിക്കുകയാണുണ്ടായത്. ആയതിനാൽ ഇത് കേവലമൊരു ചടങ്ങ് മാത്രമായി നിലനിൽക്കുകയാണ്. വളരെ വിദഗ്ദ്ധനായ വ്യക്തി ധനകാര്യ വകുപ്പ്

കൈകാര്യം ചെയ്യുമ്പോൾ ഇത്തരമൊരു വീഴ്ച വരുത്തിയത് രേഖയിൽ ഉണ്ടാകണമെന്ന ഉദ്ദേശത്തോടെയാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നത്.

ശ്രീ. വി. ഡി. സതീശൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജി.എസ്.ടി. ബില്ലിനെ സംബന്ധിച്ച് വിശദമായ ചർച്ച നേരത്തെ സഭയിൽ നടത്തിയതിനാൽ കൂടുതൽ സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ശ്രീ. വി. പി. സജീന്ദ്രൻ സീറ്റിൽ ഇല്ലാത്തതിനാൽ 1(എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീമതി പി. അയിഷാ പോറ്റി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017- ലെ കേരള ചരക്കു സേവന നികുതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറൽ സംവിധാനത്തിൽ മാറ്റം വന്നിട്ടുണ്ട്. ഡിസേബിൾഡ് വ്യക്തികൾക്കുള്ള എക്യുപ്മെന്റ്സിന് അഞ്ചും സാനിറ്ററി നാപ്കിന് 12-ഉം ഹോട്ടൽ ഭക്ഷണത്തിന് 18 ഉം ശതമാനം ടാക്സ് ഏർപ്പെടുത്തിയതിലൂടെ സാധാരണ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ജി.എസ്.ടി കൗൺസിലിൽ ധനകാര്യ വകുപ്പുമന്ത്രി ഫലപ്രദമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി ലോട്ടറി മാഫിയകളെ നിയന്ത്രിക്കാൻ സാധിച്ചു. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട്

നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): അംഗങ്ങൾ  സഭയിൽ നടത്തിയ അഭിപ്രായങ്ങളെ സ്വാഗതം ചെയ്യുന്നു. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ബിൽ സഭയിൽ അവതരിപ്പിക്കാൻ സാധിക്കാത്തത് ഗവൺമെന്റിന്റെ പോരായ്മയാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് നേരിടേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. നികുതി നിർണ്ണയത്തിനും ഭേദഗതി വരുത്തുന്നതിനും സംസ്ഥാന സർക്കാരുകൾക്കുണ്ടായിരുന്ന അധികാരം ജി.എസ്.ടി.യിലൂടെ പരിമിതപ്പെടുത്തിയതും  മുൻകാലങ്ങളെ അപേക്ഷിച്ച് ഉൽപ്പന്നങ്ങളിന്മേൽ 2.13 ശതമാനം വില വർദ്ധനവുണ്ടായിയെന്നതും യാഥാർത്ഥ്യമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഉപഭോക്തൃ ഉൽപ്പന്നങ്ങൾക്ക് നിലവിലുള്ള എം.ആർ.പി. യും ജി.എസ്.ടി. വന്നതിനുശേഷമുള്ള വിലയും തമ്മിൽ താരതമ്യപഠനം നടത്തി കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനമെടുക്കുകയും ഇതിനാവശ്യമായ ഡാറ്റാ തയ്യാറാക്കുന്നതിനായി ഡെപ്യൂട്ടി കമ്മീഷണർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം, ഹൗസ് ബോട്ട്, ആയുർവേദ മരുന്നുകൾ, പ്ലൈവുഡ് എന്നിവയിന്മേലുള്ള അധിക നികുതി വർദ്ധന

പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചെറുകിട ഉൽപ്പാദകരെ അമിത നികുതി ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി നികുതി ഘടനയിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ചും ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകുന്ന ചെറുകിട മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ നികുതി വിഹിതം സബ്സിഡിയായി നൽകുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുന്ന റെസ്റ്റോറന്റ് ഉൾപ്പെടെയുള്ള മേഖലകളിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാന ബഡ്ജറ്റിലൂടെ പിന്തുണ നൽകുന്നതാണ്.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ ചരക്കു സേവന നികുതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2 -ാം വകുപ്പ്

112, 113, 114, 115, 117, 119, 120, 121, 122, 125, 126, 127, 128, 130, 132, 134, 135, 136, 137, 138, 139, 147, 148, 149, 151, 155, 156, 157, 159, 160, 162, 164, 165, 168, 169, 171, 174, 175, 176, 177, 178, 179, 183, 185, 186, 188, 189, 191, 192, 193, 194, 195, 196, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3 -ാം വകുപ്പ്

198, 199, 200, 201 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4 -ാം വകുപ്പ്

202, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5 -ാം വകുപ്പ്

204, 205, 206, 207, 208, 209 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6 -ാം വകുപ്പ്

212, 214, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7 -ാം വകുപ്പ്

217, 218, 219, 220, 221, 222, 223, 225 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8 -ാം വകുപ്പ്</u>

(ഭേദഗതിയില്ല)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9 -ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

226. In clause 9(1), add the word " State" after the word " Kerala" .

227, 228, 230, 231, 232, 233, 234, 235 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10 -ാം വകുപ്പ്</u>

236, 237, 238, 239, 240, 241, 242, 244, 245, 246, 249, 252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

237. In clause 10(1), for the words " fifty lakh" the words " seventy five lakh" shall be substituted.

246. In the proviso to clause 10(1), for the words " fifty lakh" the words " seventy five lakh" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

253, 254, 256, 257, 258, 260, 262, 263 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

265-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>14-ാം വകുപ്പ്</u>

268-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

269, 271, 272, 273, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

275, 276, 278, 279 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

280, 283, 284, 285 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

289-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

290-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

291, 292, 293, 294, 295 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

296-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

299-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>24-ാം  വകുപ്പ്</u>

302, 303 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>25-ാം  വകുപ്പ്</u>

305, 306, 307, 308, 309, 311 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

25-ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26-ാം  വകുപ്പ്</u>

(ഭേദഗതിയില്ല)

26-ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പ്

312-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

28-ാം വകുപ്പ്

316-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

29-ാം വകുപ്പ്

317-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>30-ാം വകുപ്പ്</u>

322-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>31-ാം വകുപ്പ്</u>

323, 324, 326, 327, 328 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>32-ാം വകുപ്പ്</u>

329-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>33-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>34-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>35-ാം വകുപ്പ്</u>

332-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>36-ാം വകുപ്പ്</u>

334-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>37-ാം വകുപ്പ്</u>

337, 338 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>38-ാം വകുപ്പ്</u>

339, 340 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>39-ാം വകുപ്പ്</u>

343, 344, 345, 347 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 40-ാം വകുപ്പ്

(ഭേദഗതിയില്ല)

